**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **19-06-2024 - ൽ മറുപടിയ്ക്ക്**

**വഴിയരികിലെ തണൽ മരങ്ങൾ മുറിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വ്യാപാര സ്ഥാപനങ്ങൾക്ക് തടസ്സമാകുന്ന, സമീപത്തെ കെട്ടിടങ്ങൾക്ക് നിഴൽ വീഴ്ത്തുന്ന തുടങ്ങിയ കാരണങ്ങൾ ഉന്നയിച്ച് വഴിയരികിലെ തണൽ മരങ്ങൾ മുറിക്കരുതെന്നും ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഹൈക്കോടതിയുടെ ഉത്തരവുണ്ടോ; വ്യക്തമാക്കാമോ; | (എ) | മതിയായ കാരണങ്ങളില്ലാതെ പാതയോരങ്ങളിലെ മരങ്ങൾ മുറിക്കാൻ അനുവദിക്കരുതെന്ന് ബഹു. ഹൈക്കോടതി WP(C)No.9108/2017 നമ്പർ കേസിലെ 22.05.2024 ലെ ജഡ്ജ്മെന്റ് പ്രകാരം ഉത്തരവായിട്ടുണ്ട്. മരങ്ങൾ നശിച്ച അവസ്ഥയിലാണെങ്കിൽ മാത്രമേ മുറിച്ചുമാറ്റാൻ പാടുള്ളൂവെന്നും അത് ജനങ്ങളുടെ ജീവന് അപകടകരമാണെന്ന സാഹചര്യത്തിൽ മാത്രമായിരിക്കണം എന്നും ഉത്തരവായിട്ടുണ്ട്.<br><br>പാലക്കാട് - പൊന്നാനി സംസ്ഥാന പാതയോരത്ത് റോഡിന്റെ വശങ്ങളിലുള്ള മരങ്ങൾ, പട്ടാമ്പി സ്വദേശി ശ്രീ. മുസ്തഫയും മറ്റുള്ളവരും തങ്ങളുടെ കെട്ടിടങ്ങൾക്ക് സമീപമുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് അനുമതി നിഷേധിച്ചതിനെതിരെ നൽകിയ ഹർജിയിലാണ് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) | ജനങ്ങളുടെ ജീവന് ഭീഷണി ആയാൽ മാത്രമേ മരങ്ങൾ മുറിച്ചു മാറ്റാൻ പാടുള്ളുവെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ; ഏത് സാഹചര്യത്തിലാണ് ഹൈക്കോടതി ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | മതിയായ കാരണങ്ങളില്ലാതെ പാതയോരങ്ങളിലെ മരങ്ങൾ മുറിക്കാൻ അനുവദിക്കരുതെന്ന് ബഹു. ഹൈക്കോടതി WP(C)No.9108/2017 നമ്പർ കേസിലെ 22.05.2024 ലെ ജഡ്ജ്മെന്റ് പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>മരങ്ങൾ നശിച്ച അവസ്ഥയിലാണെങ്കിൽ മാത്രമേ മുറിച്ചുമാറ്റാൻ പാടുള്ളൂവെന്നും അത് ജനങ്ങളുടെ ജീവന് അപകടകരമാണെന്ന സാഹചര്യത്തിൽ മാത്രമായിരിക്കണം എന്നും ഉത്തരവായിട്ടുണ്ട്.<br><br>പാലക്കാട് - പൊന്നാനി സംസ്ഥാന പാതയോരത്ത് റോഡിന്റെ വശങ്ങളിലുള്ള മരങ്ങൾ പട്ടാമ്പി സ്വദേശി ശ്രീ. മുസ്തഫയും മറ്റുള്ളവരും തങ്ങളുടെ കെട്ടിടങ്ങൾക്ക് സമീപമുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് അനുമതി നിഷേധിച്ചതിനെതിരെ നൽകിയ |

| | | | |
|---|---|---|---|
| | | | ഹർജിയിലാണ് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) | മരം മുറിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള മാനദണ്ഡവും നടപടിക്രമവും വിശദമാക്കുമോ; | (സി) | അപകടാവസ്ഥയിലും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിലകൊള്ളുന്ന മരങ്ങൾ മാത്രമാണ് ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിന് വേണ്ടി മുറിക്കുന്നത്. മുറിക്കേണ്ട മരങ്ങൾ വനം വകുപ്പിൽ അറിയിച്ച് വില നിർണ്ണയിച്ചതിനു ശേഷം MSTC പോർട്ടൽ മുഖേന ലേല നടപടികൾ നടത്തിയാണ് മുറിക്കുന്നത്. |
| (ഡി) | 2015 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുറിച്ച് നീക്കിയ മരങ്ങളുടെ ആകെ എണ്ണം എത്രയാണ്; വർഷവും മരങ്ങളുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഡി) | വിവരങ്ങൾ ശേഖരിച്ച് വരുന്നു. |
| (ഇ) | ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത മരം മുറിക്കൽ തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഹൈക്കോടതി ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ വനം വകുപ്പിൽ നടപടി സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ